# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3466 | 20.06.2019 ൽ മറുപടിക്ക്

**<u>നവോത്ഥാന മൂല്യ സംരക്ഷണം</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി.പി.സജീന്ദ്രൻ,<br>ശ്രീ. കെ.സി.ജോസഫ്,<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | ശബരിമല യുവതീ പ്രവേശനം സംബന്ധിച്ച വിധിയുടെ പശ്ചാത്തലത്തിൽ ഹിന്ദുമത വിഭാഗങ്ങളുടെ നവോത്ഥാന മൂല്യങ്ങളെ ദുർബലപ്പെടുത്തുന്നതിന് ബോധപൂർവ്വമായ ശ്രമം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ ; | (എ) | മതേതര മൂല്യങ്ങളെയും നവോത്ഥാന മൂല്യങ്ങളെയും ദുർബലപ്പെടുത്തുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം ചില കോണുകളിൽ നിന്നും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനായി നവോത്ഥാന മൂല്യ സംരക്ഷണ സമിതി രൂപീകരിച്ചിരുന്നോ; അതിൽ എത്ര സംഘടനകളെയാണ് ഉൾക്കൊള്ളിച്ചത്; | (ബി) | രൂപീകരിച്ചിരുന്നു. കേരളീയ നവോത്ഥാനത്തിന് ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുള്ള പ്രസ്ഥാനങ്ങളെയും സംഘടനകളെയും നവോത്ഥാന മൂല്യങ്ങൾ സംരക്ഷിയ്ക്കാൻ തയ്യാറുള്ള സാമൂഹ്യ സംഘടനകളെയുമാണ് സമിതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. |
| (സി) | ഹിന്ദു പാർലമെന്റിന്റെ ഏതെങ്കിലും ഭാരവാഹിയെ പ്രസ്തുത സംരക്ഷണ സമിതിയുടെ ജോയിന്റ് കൺവീനറായി നിയമിച്ചിരുന്നോ; നവോത്ഥാന മൂല്യ സംരക്ഷണത്തിന് പ്രസ്തുത സംഘടന നൽകിയ സംഭാവനകൾ എന്തൊക്കെയാണ് എന്ന് പരിശോധിച്ചിരുന്നുവോ; എങ്കിൽ വിശദമാക്കാമോ; | (സി) | നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കണമെന്ന് താല്പര്യമുള്ള സംഘടനകളുടെ പ്രതിനിധികൾ എന്ന നിലയിലാണ് സമിതി കൂടിയാലോചിച്ച് വിവിധ ചുമതലകൾ നൽകിയിട്ടുള്ളത്. |
| (ഡി) | നവോത്ഥാന മൂല്യ സംരക്ഷണ സമിതി നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | (ഡി) | സമിതി നവോത്ഥാന മൂല്യ സംരക്ഷണത്തിനും സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിനും ലക്ഷ്യമിട്ട് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ സ്ത്രീ ജനങ്ങളെ അണിനിരത്തികൊണ്ട് വനിതാമതിൽ സംഘടിപ്പിച്ചു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ചെറുക്കുന്നതിനും സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന സ്ത്രീ ജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനും ഇതിലൂടെ പ്രചോദനമായിട്ടുണ്ട്. സമൂഹം നേടിയിട്ടുള്ള നവാത്ഥാനമൂല്യങ്ങൾ സംരക്ഷിച്ച് നിർത്താൻ ഒറ്റക്കെട്ടാണെന്ന സന്ദേശം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പാർലമെന്റ് തെരഞ്ഞെടുപ്പിന് തൊട്ട് മുമ്പ് പ്രസ്തുത സമിതിയുടെ പ്രവർത്തനം നിർത്തിവയ്ക്കുവാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ; | (ഇ) | ഇല്ല. എന്നാൽ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തോടെ നവോത്ഥാന മൂല്യ സംരക്ഷണ പ്രവർത്തനങ്ങൾ വേണ്ടത്ര സജീവമാക്കാൻ സാധിച്ചിരുന്നില്ല. |
| (എഫ്) | നവോത്ഥാന മ്യൂസിയം നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നറിയിക്കാമോ? | (എഫ്) | മ്യൂസിയം വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ ഒരു നവോത്ഥാന മ്യൂസിയം 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ആയതിലേക്കായി 2205-00-107-90 (പ്ലാൻ) എന്ന പദ്ധതി ശീർഷകത്തിൽ 100 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ